# ഏറ്റവും പ്രധാനം

സർവ്വസ്തുതിയും ലോകരക്ഷിതാവായ
അല്ലാഹുവിന്ന്, അവൻെറ പ്രവാചകരിൽ
ശ്രേഷ്ഠരായ മുഹമ്മദ് നബിﷺയിലും
കുടുംബത്തിലും ബന്ധുമിത്രാദികളിലും
അല്ലാഹുവിന്റെ അളവറ്റ
കരുണാകടാക്ഷങ്ങൾ എന്നുമെന്നും
വർഷിക്കുമാറാകട്ടെ. آمين.

വിശ്വാസപരമായി ഇന്ന് മുസ്‌ലിം
സമൂഹത്തിലെ ഭൂരിഭാഗം ജനങ്ങളിലും
പടർന്നു പിടിച്ചിട്ടുള്ള വളരെമാരകമായ ചില
തെറ്റുകളെക്കുറിച്ചുണർത്തുകയും അവർ
നന്മയിലേക്കും സ്വർഗത്തിലേക്കും
എത്തിച്ചേരുന്നതിനുള്ള മാർഗം
ചൂണ്ടിക്കാണിക്കുകയും ചെയ്യുക എന്നതാണ്
ഈ തൂലികയുടെ ലക്ഷ്യം.
അല്ലാഹു അനുഗ്രഹിക്കട്ടെ. آمين.


**NICHE OF TRUTH**

P.B. No: 832, Poothole, Thrissur-4
Kerala, India. Tel: +91 9746547777
E-mail: dawa@nicheoftruth.org

# ശിർക്ക്

## (അല്ലാഹുവിൽ പങ്ക്ചേർക്കൽ)

നിഷിദ്ധകാര്യങ്ങളിൽ ഏററവും ഗുരുതരമായത് ശിർക്കാണെന്ന് നബിﷺ വ്യക്തമാക്കിയിട്ടുണ്ട്. അബൂബക്റത്ﷺ വിൽ നിന്ന് നബി ﷺ പറയുന്നു: ‘‘ഏററവും വലിയ പാപമേതാണെന്ന് ഞാൻ നിങ്ങൾക്ക് അറിയിച്ചു തരട്ടെയോ എന്ന് മൂന്ന് പ്രാവശ്യം നബിﷺ ആവർത്തിച്ചു പറഞ്ഞു, അന്നേരം സ്വഹാബികൾ: അത് ഏതാണെന്ന് ചോദിച്ചപ്പോൾ അവിടുന്ന് പറഞ്ഞു: അത് അല്ലാഹുവിൽ പങ്ക്ചേർക്കലാണ് എന്ന്’’ (മുതഫഖുൻ അലൈഹി).

ശിർക്കൊഴികെയുള്ള മറെറല്ലാ പാപങ്ങളും അല്ലാഹു തൻെറ അപാരമായ കാരുണ്യത്താൽ പൊറുത്തേക്കാം. എന്നാൽ ശിർക്ക്, അതിൽ നിന്നും പരിപൂർണ്ണമായും വിട്ടുനിന്ന് നിഷ്കളങ്കമായി പശ്ചാത്തപിച്ചെങ്കിൽ മാത്രമേ അല്ലാഹു പൊറുക്കുകയുള്ളൂ. അല്ലാഹു പറയുന്നത് ശ്രദ്ധിക്കുക.

﴿إِنَّ اللهَ لاَ يَغْفِرُ أَنْ يُشْرَكَ بِهِ وَيَغْفِرُ ماَ دُونَ ذَلِكَ لِمَنْ يَشَاءُ﴾

(النساء ٤٨).

‘‘തന്നോട് പങ്ക്ചേർക്കുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതല്ലാത്തത് അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുത്തേക്കും.’’ (നിസാഅ് 34).

ശിർക്ക്, അതുപ്രവർത്തിക്കുന്നവൻ ഇസ്‌ലാമിൽനിന്ന് പുറത്ത്പോകുന്നതും, ശിർക്കോടുകൂടിയാണ് മരണപ്പെടുന്നത് എങ്കിൽ ശാശ്വതമായ നരകത്തിലായിത്തീരുന്നതുമാണ്. എന്നാൽ ദു:ഖകരമെന്ന്പറയട്ടെ അത്തരത്തിലുള്ള കൊടിയ ശിർക്ക് ഇന്ന് മുസ്‌ലിം സമൂഹത്തിൽ പ്രചരിക്കുകയും ഒരു വിഭാഗം അത് പ്രചരിപ്പി ക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു എന്നതാണ് വാസ്തവം. അജ്ഞത മൂലം അത്തരത്തിലുള്ള കാര്യങ്ങൾ ഗൗരവം മനസ്സിലാക്കാതെ, നന്മയും, പുണ്യകർമ്മമാണ് അവ എന്നനിലയിൽ പ്രവർത്തിക്കുന്ന നിഷ്പക്ഷരായ സാധാരണക്കാർക്കുള്ള ഒരു മുന്നറിയിപ്പാണീ ലഘുലേഖ.

**ഖബർ ആരാധന**

മരണപ്പെട്ടതിനു ശേഷവും ഔലിയാക്കൾക്ക് തങ്ങളെ സഹായിക്കാനും ആവശ്യം പൂർത്തീകരിച്ചുതരാനും അപകടങ്ങളിൽനിന്നു രക്ഷപ്പെടുത്താനും കഴിവുണ്ടെന്ന് വിശ്വസിച്ചുകൊണ്ട് അത്തരത്തിലുള്ള, മഹാത് മാക്കളെന്ന് കരുതുന്ന

വരുടെ ഖബറുകൾ കെട്ടിപ്പൊക്കി അതിനടുത്ത് ചെന്നും അല്ലാതെയും ആളുകൾ നടത്തിക്കൊണ്ടിരിക്കുന്ന പ്രാർഥന, സങ്കടംപറയൽ, സഹായമർഥന തുടങ്ങിയവയെല്ലാം അല്ലാഹുവിൽ പങ്ക്ചേർക്കലും, ആരോടാണോ തേടുന്നത് അത് അവർക്കുള്ള ആരാധനയുമായിട്ടാണ് മാറുക. എന്നാൽ ആരാധനകളാകട്ടെ അല്ലാഹുവിനു മാത്രം അവകാശപ്പെട്ടതുമാണ്. അല്ലാഹു പറയുന്നു:

﴿ وَقَضَى رَبُّكَ أَلاَّ تَعْبُدُوا إلاَ إِيَّاهُ ﴾ (الإسراء ٢٣).

"തന്നെയല്ലാതെ ആരാധിക്കരുതെന്ന് നിൻെറ രക്ഷിതാവ് വിധിച്ചിരിക്കുന്നു.'' (ഇസ്റാഅ് 23).

അപ്രകാരം തന്നെ മരണപ്പെട്ട അമ്പിയാക്കളോടും ഔലിയാക്കളോടും തങ്ങളുടെ സമീപത്തില്ലാത്തവരോടുമെല്ലാം അഭൗതികമായ നിലക്ക് സഹായംതേടുകയും ശുപാർശ തേടുകയും ചെയ്യുന്നവരോടായി ഖുർആൻ ചോദിക്കുന്നത് ശ്രദ്ധിക്കുക:

﴿ أَمَّنْ يُجِيبُ الْمُضْطَرَّ إِذَا دَعَاهُ وَيَكْشِفُ السُّوءَ وَيَجْعَلَكُمْ خُلَفَاءَ الأَرْضِ أَإِلَهٌ مَعَ اللهِ ﴾ (النمل ٦٢)

"കഷ്ടപ്പെട്ടു വിളിച്ചു പ്രാർഥിക്കുന്നവന് ഉത്തരം നൽകുകയും, വിഷമം നീക്കിക്കൊടുക്കുകയും, നിങ്ങളെ ഭൂമിയിൽ പ്രതിനിധികളാക്കുകയും ചെയ്യുന്ന വല്ല ഇലാഹും അല്ലാഹുവോടൊപ്പം അവർക്കുണ്ടോ?'' (നംല് 62).

അല്ലാഹുവേ എന്നുവിളിക്കേണ്ടതിന്നു പകരം പല തങ്ങന്മാരുടേയും ശൈഖുമാരുടേയും ബീവിമാരുടേയും പേരുകൾ വിളിക്കുകയും അവരോട് സഹായം തേടുകയും ചെയ്യുക എന്നുള്ളത് ഇന്നൊരു നിത്യസംഭവമായിരിക്കുകയാണ്. എന്തെങ്കിലും അപകടമോ പ്രയാസമോ അതല്ലെങ്കിൽ ഒന്നു കാലിടറുകയോ മറ്റോ ചെയ്താൽ ഉടനെ ..ചിലർ, യാ മുഹമ്മദ് യാഹുസൈൻ, ..യാ ബദവീ, ..യാജീലാനി, .. യാരിഫാഈ എന്നിങ്ങനെയുള്ള പേരുകൾ പറഞ്ഞായിരിക്കും പ്രാർഥിക്കുക!? (ബദ്രീങ്ങളേ.., പുത്തൻപള്ളിമൂപ്പരേ.., മമ്പുറത്തെ തങ്ങളേ.., എന്നിങ്ങനെ നമ്മുടെ നാട്ടുകാർ വിളിക്കാറുള്ളതു പോലെത്തന്നെ. വിവർത്തകൻ). എന്നാൽ അല്ലാഹു പറയുന്നത് കാണുക:

إِنَّ الَّذِينَ تَدْعُونَ مِنْ دُونِ اللهِ عِبادٌأَمْثَالُكُمْ (الأعراف ١٩٤)

"തീർച്ചയായും അല്ലാഹുവിന്നുപുറമെ നിങ്ങൾ വിളിച്ചു പ്രാർഥിച്ചു കൊണ്ടിരിക്കുന്നവരെല്ലാം നിങ്ങളെപ്പോലുള്ള അടിമകൾ മാത്രമാണ്.'' (അഅ്റാഫ് 194).

മററുചിലർ മഖാമുകളും ദർഗകളും ത്വവാഫു ചെയ്യുക, ചുംബിക്കുക, അവടുത്തെ മണ്ണും എണ്ണയും വെള്ളവും പുണ്യംകരുതി തലയിലും ദേഹത്തും പുരട്ടുക, ജാറങ്ങൾക്കുമുന്നിൽ സുജൂദ് ചെയ്യുക,-(കേരളത്തിനു പുറത്ത് ഇതും നടക്കുന്നുണ്ട്)- അവിടെ അടക്കം ചെയ്തവരോട് സങ്കടമുണർത്തിയും സഹായം തേടിയും ഭക്തിയോടെ നിൽക്കുക, അവരോട് രോഗശമനവും സന്താനഭാഗ്യവുമെല്ലാം ചോദിക്കുക എന്നതെല്ലാം ചെയ്തുവരുന്നു. ചിലപ്പോൾ ശൈഖിൻേറയോ വലിയ്യിൻേറയോ പേരുപറഞ്ഞു കരഞ്ഞുകൊണ്ട് ഞങ്ങൾ വളരെ ദൂരെനിന്ന് നിങ്ങളെ മാത്രമുദ്ദേശിച്ചു വന്നവരാണ് അതുകൊണ്ട് ഞങ്ങളെ നിരാശരാക്കരുതേ എന്നുകൂടി പറയാൻ മറക്കാറില്ല.

എന്നാൽ മേൽപറഞ്ഞെതല്ലാം ശിർക്കാണ്. അത്തരം ആചരങ്ങളിൽ പെട്ടുപോയവർ അതിൽനിന്നും പിന്തിരിഞ്ഞ് എത്രയും പെട്ടെന്ന് പശ്ചാത്തപിക്കേണ്ടതാണ്. കാരണം മേൽപറയപ്പെട്ട വിശ്വാസവുമായി മരണപ്പെടുന്നവർക്ക് സ്വർഗം നിഷിദ്ധമാക്കപ്പെടുന്നതാണ് :

إِنَّهُ مَنْ يُشْرِكْ بِاللهِ فَقَدْ حَرَّمَ اللهُ عَلَيْهِ الْجَنَّةُ وَّمَأْوَاهُ النَّارُ وَماَ لِلظَّالِمِينَ مِنْ أَنْصاَرٍ (المائدة ٧٢).

“അല്ലാഹുവിൽ വല്ലവരും പങ്കുചേർക്കുന്ന പക്ഷം അവന് അല്ലാഹു സ്വർഗം നിഷിദ്ധമാക്കുന്നതാണ് നരകം അവൻെറ വാസസ്ഥലവുമായിരിക്കും. (അത്തരം) അക്രമികൾക്ക് സഹായികളാരുംതന്നെ ഉണ്ടാവുകയുമില്ല.’’ (മാഇദ: 72).

وَمَنْ أَضَلُّ مِمَّنْ يَدْعوُ مِنْ دُونِ اللهِ مَنْ لاَ يَسْتَجِيبُ لَهُ إِلَى يَوْمِ الْقِياَمَةِ وَهُمْ عَنْ دُعاَئِهِمْ غاَفِلُونَ وَإِذَا حُشِرَ النَّاسُ كاَنُوا لَهُمْ أَعْدَاءً وَكاَنُوا بِعِباَدَتِهِمْ كاَفِرِينْ (الأحقاف ٥،٤).

“അല്ലാഹുവിന്നുപുറമെ, അന്ത്യനാൾ വരെ ഉത്തരം നൽകാത്തവരോട് വിളിച്ചുപ്രാർഥിക്കുന്നവനേക്കാൾ വഴിപിഴച്ചവനാരാണുള്ളത്!? അവരാകട്ടെ ഇവരുടെ പ്രാർഥനയെപ്പററി ബോധമില്ലാത്തവരാണുതാനും. മനുഷ്യരെല്ലാം ഒരുമിച്ചുകൂട്ടപ്പെടുമ്പോൾ അവർ ഇവരുടെ ശത്രുക്കളാവുകയും, ഇവർ ചെയ്ത (പ്രാർഥനയെന്ന) ഇബാദത്തിനെ നിഷേധിക്കുകയും ചെയ്യും’’. (അഹ്ഖാഫ് 4,5)

മേൽ പറഞ്ഞ ആയത്തുകളോടൊപ്പം ഇനി പറയുന്ന നബിവചനവും കൂടി ശ്രദ്ധിക്കുക:

مَنْ ماَتَ وَهُوَ يَدْعوُ مِنْ دُونِ لِلهِ نِدًّا دَخَلَ النارَ (البخاري)

“വല്ലവനും അല്ലാഹുവല്ലാത്തവരോട് പ്രാർഥിക്കുന്ന നിലയിൽ മരണപ്പെട്ടാൽ അവൻ നരകത്തിൽ പ്രവേശിക്കുന്നതാണ്.’’ (ബുഖാരി).

ഇന്ന് ചിലയിടങ്ങളിൽ ഖബറിന്നടുത്ത്‌വെച്ച് (ഹജ്ജിൽ നിർവ്വഹിക്കുന്നതുപോലെ) തലമൊട്ടയടിക്കാൻവരെ നേർച്ചയാക്കുന്നു. മററുചിലരാകട്ടെ (مَنَاسِكُ حَجِّ الْمَشَاهِدِ) മനാസികി ഹജ്ജിൽ മശാഹിദ് എന്ന് ജാറ/ദർഗ സന്ദർശന വിവരങ്ങളും അവിടെയർപ്പിക്കേണ്ട കർമ്മങ്ങളും വിശദീകരിക്കുന്ന ഗ്രന്ഥങ്ങൾക്ക്, ഹജ്ജ് കർമ്മമെന്ന് പേരുനൽകുകവരെ ചെയ്തിരിക്കുന്നു!? വേറെ ചിലരാകട്ടെ ഔലിയാക്കളാണ് ഈ ലോകം തന്നെ നിയന്ത്രിക്കുന്നതും ലോകർക്ക് ഉപകാര ഉപദ്രവങ്ങൾ വരുത്തുന്നതും എന്നു വരെ വിശ്വസിച്ചുവരുന്നു!

എന്നാൽ അല്ലാഹുവിൻെറ കലാമിനെ തള്ളിക്കൊണ്ടല്ലാതെ അവർക്കത് ന്യായീകരിക്കാൻ കഴിയുകയില്ല. അല്ലാഹു പറയുന്നത് കാണുക:

وَإِنْ يَمْسَسْكَ اللهُ بِضُرٍّ فَلاَ كَاشِفَ لَهُ إلاَّ هُوَ وَإِنْ يُرِدْكَ بِخَيْرٍ فَلاَ رَادَّ لِفَضْلِهِ (يونس ١٠٧)

“നിനക്ക് അല്ലാഹു വല്ല ദോഷവും ഏൽപ്പിക്കുന്ന പക്ഷം അത് നീക്കം ചയ്യാൻ അവനല്ലാതെ ഒരാളുമില്ല. അവൻ നിനക്ക് വല്ലഗുണവും ഉദ്ദേശിക്കുന്ന പക്ഷം അവൻെറ അനുഗ്രഹം തട്ടി മാററുവാനും ഒരാളുമില്ല.’’ ( യൂനുസ് 107).

ഏതെങ്കിലും പള്ളിയിലോ പള്ളിമുററത്തോ ഖിബ്‌ലയുടെ ഭാഗത്തോ ആരാധിക്കപ്പെടുന്ന ഖബറുകളുണ്ടെങ്കിൽ പ്രസ്തുത പള്ളിയിൽ വെച്ച് നമസ്കാരം പോലും അനുവദനീയമല്ല.

ഇക്കാര്യത്തെ സംബന്ധിച്ച് സുഊദി ഗ്രാൻറ് മുഫ്ത്തിയായിരുന്ന ശൈഖ് ഇബ്നുബാസ് (റഹിമഹുല്ല ) അവർകളോട് ചോദിച്ച ചോദ്യത്തിന് അദ്ദേഹം നൽകിയ ഫത്‌വ താഴെ ചേർക്കുന്നു.

“പള്ളിയിൽ ഖബറുണ്ടായിരിക്കെ, അത് പള്ളിക്കകത്തായിലും ഇനി നമസ്കരിക്കുന്നവരുടെ മുന്നിലോ പിന്നിലോ ഇടത്തോ വലത്തോ എവിടെയായാലും അവിടെ വെച്ചുള്ള നമസ്കാരം സ്വഹീഹാവുകയില്ല. നബിﷺ പറഞ്ഞതു കാണുക,

لَعَنَ اللهُ الْيَهُودَ وَالنَّصَارَى اتَّخَذُوا قُبُورَ أَنْبِيَائِهِمْ مَسَاجِدًا(بخاري)

“ജൂതന്മാരേയും ക്രിസ്ത്യാനികളേയും അല്ലാഹു ശപിക്കട്ടെ അവർ അവരുടെ പ്രവാചകന്മാരുടെ ഖബറുകൾ ആരാധനാലയങ്ങളാക്കിയ വരാണ്’’ (ബുഖാരി) മറെറാരു നബിവചനവും കൂടി ഇവ്വിഷയത്തിൽ ശ്രദ്ധിക്കുക:

أَلاَ وَإِنَّ مَنْ كَانَ قَبْلَكُمْ كَانُوا يَتَّخِذُونَ قُبُورَ أَنْبِيَائِهِمْ وَصَالِحِيهِمْ مَسَاجِدًا أَلاَ فَلاَ تَتَّخِذُوا الْقُبُورَ مَسَاجِدًا فَإِنِّي أَنْهَاكُمْ عَنْ ذَلِكَ (مسلم).

‘‘അറിയുക, തീർച്ചയായും നിങ്ങളുടെ മുൻഗാമികൾ അവരിലെ പ്രവാചകന്മാരുടേയും സ്വാലിഹുകളുടേയും ഖബറുകളെ ആരാധനാലയങ്ങളാക്കിയവരായിരുന്നു. എന്നാൽ നിങ്ങളോടിതാ ഞാനക്കാര്യം വിരോധിക്കുന്നു; നിങ്ങളൊരിക്കലും ഖബറുകളെ ആരാധനാലയങ്ങളാക്കരുത്’’ (മുസ്‌ലിം).

തീർച്ചയായും ഖബറിനടുത്ത്‌വെച്ചുള്ള നമസ്കാരം ശിർക്കിലേക്കും ഖബറാളികളോട് അതിരുകവിഞ്ഞ ആദരവിലേക്കും വ്യക്തി പൂജയിലേക്കും എത്തിക്കുന്നതാണ് അക്കാരണത്താൽ തന്നെ മുകളിൽ സൂചിപ്പിച്ച രണ്ട് ഹദീസുകളുടെയും, അതേ ആശയത്തിലുള്ള മററു വചനങ്ങളുടേയും അടിസ്ഥാനത്തിൽ ഖബറുള്ള പള്ളിയിൽ വെച്ചുള്ള നമസ്കാരം ശിർക്കിലേക്ക് വഴിവെക്കുന്നതിനാൽ അത് തീർത്തും തടയപ്പെടേണ്ടതു തന്നെയാണ്’’.

**അല്ലാഹുവല്ലാത്തവർക്കുള്ള അറവ്**

അല്ലാഹുവിനല്ലാതെയുള്ള നേർച്ച, അറവ് എന്നിവയും ശിർക്കിൽപെട്ടതുതന്നെയാണ്. അല്ലാഹു പറയുന്നത് ശ്രദ്ധിക്കുക:

فَصَلِّ لِرَبِّكَ وَانْحَرْ (سورة الكوثر ٢).

‘‘നീ നിൻെറ റബ്ബിന്നുവേണ്ടി നമസ്കരിക്കുകയും ബലിയറുക്കുകയും ചെയ്യുക.’’ (സൂറ: അൽകൗഥർ 2).

ഇതേ ആശയം വ്യക്തമാക്കുന്ന നബിവചനവും കാണാവുന്നതാണ്.

قال النبي صَلَّى اللَّهُ عَلَيْهِ وَسَلَّمَ لَعَنَ اللهُ مَنْ ذَبَحَ لِغَيْرِ اللهِ (رواه مسلم).

നബിﷺ പറഞ്ഞു: ‘‘വല്ലവരുംഅല്ലാഹുവല്ലാത്തവർക്കായി അറവുനടത്തുന്നവരെ അല്ലാഹു ശപിച്ചിരിക്കുന്നു.’’ (മുസ്‌ലിം). അല്ലാഹുവല്ലാത്തവരുടെ പ്രീതിക്കായി നടത്തുന്ന അറവിൽ –നബിദിനത്തിൻെറ പേരിലും ബദ്‌രീങ്ങളുടെ ആണ്ട് എന്നപേരിലും മററും നടത്തിക്കൊണ്ടിരിക്കുന്ന അറവുകൾ പോലെ (വിവർത്തകൻ) – രണ്ടുനിലക്കുള്ള ഹറാമുകൾ കടന്നുവരുന്നുണ്ട്. അവ, അല്ലാഹുവല്ലാത്തവരുടെ പ്രീതി ആഗ്രഹിക്കുന്നു എന്നതും, അവർക്കായി അറുക്കുന്നു എന്നതുമാണ്. ഇനി അറുക്കുന്ന സമയത്ത് ബിസ്മിചൊല്ലി അറുത്താൽ പോലും അത്തരം മാംസം ഭക്ഷിക്കൽ പന്നിമാംസം, ശവം എന്നിവ പോലെ ഹറാമാണെന്നാണ് അല്ലാഹു വ്യക്തമാ

ക്കിയിരിക്കുന്നത്. ഖുർആൻ പറയുന്നു:

حُرِّمَتْ عَلَيْكُمُ الْمَيْتَةُ وَالدَّمُ وَلَحْمُ الْخِنْزِيرِ وَماَ أُهِلَّ لِغَيْرِ اللهِ بِهِ (المائدة ٣)

"ശവം, രക്തം, പന്നിമാംസം, അല്ലാഹു അല്ലാത്തവരുടെ പേരിൽ അറുക്കപ്പെട്ടത് എന്നിവ നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു." (മാഇദ: 3).

ജാഹിലിയ്യാകാലത്ത് പതിവുണ്ടായിരുന്ന, (ഇന്നും നടപ്പിലുള്ള) വല്ലവരും ഒരുവീടു നിർമ്മിക്കുകയോ, വാങ്ങുകയോ അതല്ലെങ്കിൽ വല്ല കിണർകുഴിക്കുക പോലുള്ള കാര്യങ്ങൾ ചെയ്താൽ ജിന്നുകളുടെ ഉപദ്രവമുണ്ടാകാതിരിക്കാനായി അവർ അവരെ പ്രീതിപ്പെടുത്താൻ അറവു (ബലി) നടത്തുമായിരുന്നു. ഇതെല്ലാം നിഷിദ്ധം തന്നെയാണ്. അത്തരം വിശ്വാസങ്ങളിൽ നിന്നെല്ലാം അല്ലാഹു നമ്മെ കാത്തു രക്ഷിക്കുമാറാകട്ടെ. (ആമീൻ).

**ജോൽസ്യം, മാരണം, ആഭിചാരം**

സിഹ്റ്, മാരണം, ആഭിചാരം എന്നിവയും കുഫ്റിലേക്ക് (അവിശ്വാസത്തിലേക്ക്)എത്തിക്കുന്നതും ചിലപ്പോഴത് ശിർക്കിലേക്ക് തന്നെ മനുഷ്യനെ കൊണ്ട് ചെന്നെത്തിക്കുന്നതുമാണ്.

സിഹ്റ് പ്രവാചകﷺ, സബ്ഉൽ മൂബിഖാത്തിൽ (ഏഴു മഹാപാപങ്ങളിൽ) എണ്ണിയ വിഷയവും കൂടിയാണെന്നത് നാം പ്രത്യേകം മനസ്സിലാക്കുക. അതാകട്ടെ മനുഷ്യന്ന് ഉപദ്രവ മുണ്ടാക്കുമെന്നല്ലാതെ ഒട്ടും ഉപകാരമുണ്ടാക്കുന്നതല്ല. സിഹ്റ് പഠിക്കുന്നതിനെ സംബന്ധിച്ച് അല്ലാഹു പറയുന്നത് കാണുക:

وَيَتَعَلَّمُونَ ماَ يَضُرُّهُمْ وَلاَ يَنْفَعُهُمْ (البقرة ١٠٢)

"(അവർക്കുതന്നെ) ഉപദ്രവമുണ്ടാക്കുന്നതും ഒരു പ്രയോജനവും ചെയ്യാത്തതുമായ കാര്യമാണ് അവർ പഠിക്കുന്നത്" (ബഖറ: 102).

وَلاَ يُفْلِحُ السَّاحِرُ حَيْثُ أَتَى (طـه ٦٩)

"സിഹ്റു പ്രവർത്തിക്കുന്നവൻ എവിടെ ചെന്നാലും വിജയിക്കുകയില്ല" (ത്വാഹ 69).

സിഹിറുമായി ബന്ധപ്പെടുന്നവൻ കാഫിറാണ് എന്നാണ് അല്ലാഹു വ്യക്തമാക്കുന്നതും:

وَماَ كَفَرَ سُلَيْمَانُ وَلكِنَّ الشَّيَاطِينَ كَفَرُوا يُعَلِّمُونَ النَّاسَ السِحرَ وَماَ أُنْزِلَ عَلَى الْمَلَكَيْنِ بِبَابِلَ هارُوتَ وَمارُوتَ وَماَ يُعَلِّمَانِ مِنْ أَحَدٍ حَتىَ يَقُولاَ إِنَّماَ نَحْنُ فِتْنَةُ فَلاَ تَكْفُرْ (البقرة ١٠٢).

“സുലൈമാൻ നബി ദൈവനിഷേധം പ്രവർത്തിച്ചിട്ടില്ല. എന്നാൽ ജനങ്ങൾക്ക് സിഹ്റ് പഠി പ്പിച്ചുകൊടുത്തുകൊണ്ട് പിശാചുക്കളാണ് ദൈവനിഷേധത്തിലേർപ്പെട്ടത്. ബാബിലോണിൽ ഹാറൂത്ത് മാറൂത്ത് എന്നീ പേരുകളിലുള്ള രണ്ട് മലക്കുകൾക്ക് ലഭിച്ചതിനേയും (പററി) പിശാചുക്കൾ പറഞ്ഞുണ്ടാക്കിക്കൊണ്ടിരിക്കുന്നത് അവർ പിന്തുടരുന്നു) എന്നാൽ ഹാറൂത്തും മാറൂത്തും ഏതൊരാൾക്ക് പഠിപ്പിക്കുമ്പോഴും ‘ഞങ്ങളുടേത് ഒരു പരീക്ഷണം മാത്രമാകുന്നു; അതിനാൽ (ഇതുപയോഗിച്ച്) നിങ്ങൾ ദൈവനിഷേധികളായിത്തീരരുത്” എന്നവർ പറയാതിരുന്നിട്ടില്ല.’’ (ബഖറ: 102).

എന്നാൽ ചിലയാളുകൾ ഇന്ന്, സിഹ്റ് ബാധിച്ചത് ഒഴിപ്പിക്കാനാണ് എന്ന നിലയിലും ജോൽസ്യന്മാരേയും മന്ത്രവാദികളേയും സമീപിച്ച് ഹറാമുകൾ പ്രവർത്തിച്ചുവരുന്നുണ്ട്! പക്ഷേ, അത്തരം ഘട്ടങ്ങളിൽ സൂറത്തുൽ മുഅവ്വദത്തൈനി (ഖുൽഅഊദു ബിറബ്ബിൽ ഫലഖ്, ഖുൽ അഊദു ബിറബ്ബിന്നാസ്) പോലുള്ള അല്ലാഹുവിൻെറ വചനങ്ങൾ മുഖേനെ അല്ലാഹുവിൽ ശരണം തേടുകയാണ് ചെയ്യേണ്ടത്.

ജോൽസ്യൻേറയും മറഞ്ഞകാര്യങ്ങൾ പറയുന്നവരുടേയും അവസ്ഥയും മേൽപറയപ്പെട്ടതു തന്നെയാണ്. അവരും അല്ലാഹുവിൽ വിശ്വസിക്കാത്ത കാഫിറുകൾ തന്നെയാണ്, അവർ ഏതു പേരിലറിയപ്പെട്ടാലും ശരി !?.

അത്തരത്തിലുള്ളവർ പലപ്പോഴും മറഞ്ഞകാര്യങ്ങൾ അറിയിച്ചുതരുമെന്ന് പറഞ്ഞേക്കും യഥാർഥത്തിൽ ഗൈബ് (അദൃശ്യം) അല്ലാഹുവിന്നല്ലാതെ മററാർക്കും അറിയുകയില്ല. ജനങ്ങളെ കബളിപ്പിച്ച് പണം തട്ടിയെടുക്കാനവർ പല വേലകളുമൊപ്പിക്കും പലകകളിലും തകിടുകളിലും കളങ്ങൾ വരക്കുക, കുപ്പികളിലും പ്ലൈററുകളിലും എഴുതിനിറക്കുക, അങ്ങിനെ പലതും. എന്നാൽ ഇത്തരം ചെപ്പടിവിദ്യകളിലൂടെ പിശാചിൻെറ സഹായത്തോടെ ചിലപ്പോൾ അവർ പറയുന്നതിൽ ഏതെങ്കിലും കാര്യങ്ങൾ സത്യവുമായി യോജിച്ചു വന്നേക്കാം എന്നാൽ അതോടൊപ്പം തൊണ്ണൂററൊമ്പതെണ്ണം തെററായി വന്നാലും ആളുകളത് ശ്രദ്ധിക്കുകയില്ല എന്നുമാത്രമല്ല, അവർ മറഞ്ഞകാര്യങ്ങൾ അറിയാനും കാണാതെപ്പോയ കാര്യങ്ങൾ തേടിപ്പിടിക്കാനും, ഭാവിയും ഭാഗ്യവും അറിയാനും, വിവാഹത്തിലും കച്ചവടത്തിലും ബർക്കത്ത് ആഗ്രഹിച്ചും വിഡ്ഢികളായ മതവിജ്ഞാനമില്ലാത്തയാളുകൾ അത്തരക്കാരെ സമീപിക്കുകയും അവർ പറയുന്നത് വിശ്വസിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നത് നിത്യസംഭവമായിരിക്കുകയാണ്. എന്നാൽ അത്തരം വിശ്വാസംവെച്ചു പുലർത്തുന്നവർ കാഫിറുകളായിക്കഴിഞ്ഞു എന്നാണ് പ്രവാചകൻ വ്യക്തമാക്കിത്തരുന്നത്. അത്കൊണ്ടുതന്നെ മേൽപറഞ്ഞ വിശ്വാസവുമായി ജീവിക്കുന്നവർ താഴെ പറയുന്ന നബി

വചനങ്ങളുടെ ഗൗരവം മനസ്സിലാക്കി എത്രയും പെട്ടെന്ന് അതിൽനിന്നും പിന്തിരിഞ്ഞ് പശ്ചാത്തപിക്കേണ്ട താണെന്ന് ഉണർത്തുന്നു.

مَنْ أَتَى كَاهِناً أَوْ عَرَّافاً فَصَدَّقَهْ بِماَ يَقوُلُ فَقَدْ كَفَرَ بِماَ أُنْزِلَ عَلَى مُحَمَّدٍ صلى الله عليه وسلم (أحمد).

"വല്ലവനും ജോൽസ്യനേയോ കണക്കുനോട്ടക്കാരനേയോ സമീപിക്കുകയും അവർ പറയുന്നത് വിശ്വസിക്കുകയും ചെയ്താൽ തീർച്ചയായും അവൻ മുഹമ്മദ് നബിﷺക്ക് ഇറക്കപ്പെട്ടതിൽ അവിശ്വസിച്ചു(കാഫിറായി) കഴിഞ്ഞു.'' (അഹമ്മദ്)

ഇനി അവർക്ക് അദൃശ്യമറിയും എന്നകാര്യത്തിൽ വിശ്വാസമില്ലാതെയാണ് പോകുന്നത് എങ്കിൽപോലും അത് ഗുരുതരമായ തെററ് തന്നെയാണ് അതുമൂലം നാൽപത് (40) ദിവസത്തെ അവൻെറ നമസ്കാരംപോലും അല്ലാഹു സ്വീകരിക്കുന്നതല്ല. നബിﷺ പറയുന്നു:

مَنْ أَتَى عَرَّافاً فَسَأَلَهُ عَنْ شَيْءٍ لَمْ تُقْبَلْ لَهْ صَلاَة أَرْبَعِينَ لَيْلَةً (مسلم).

"വല്ലവനും മറഞ്ഞകാര്യങ്ങൾ അറിയിച്ചു കൊടുക്കുന്ന ഒരുവനെ സമീപിച്ച് അവനോട് വല്ലകാര്യത്തെ സംബന്ധിച്ച് ചോദിച്ചാൽ നാൽപത് ദിവസത്തെ അവൻെറ നമസ്കാരം സ്വീകരിക്കപ്പെടുന്നതല്ല''. (മുസ്‌ലിം).

**ഉറുക്കും ഐക്കല്ലും മന്ത്രച്ചരടും**

അല്ലാഹു നിർണ്ണയിച്ചതല്ലാത്ത വിഷയത്തിൽ ഗുണം പ്രതീക്ഷിച്ചുകൊണ്ട് പണ്ടുമുതലേ നടപ്പുള്ള ഉറുക്ക്, ഏലസ്സ്, നൂല് എന്നിവയിൽ വിശ്വാസമർപ്പിച്ച് അത് അരയിലും കഴുത്തിലുമെല്ലാം ബന്ധിക്കുന്ന ഏർപ്പാടും ശിർക്കിൽ പെട്ടതുതന്നെയാണ്.

പലപ്പോഴും ഏതെങ്കിലും ജോൽസ്യൻേറയോ മന്ത്രവാദികളുടേയോ നിർദ്ദേശ പ്രകാരമോ അതല്ലങ്കിൽ പാരമ്പര്യ വിശ്വാസപ്രകാരമോ ആളുകൾ ലോഹവളയങ്ങളോ തകിടുകളോ ഐക്കല്ലുകളോ ബർക്കത്തിനു വേണ്ടിയോ അതല്ലെങ്കിൽ കണ്ണേറുകളെ തടുക്കുവാനോ ഉപദ്രവങ്ങളിൽനിന്ന് രക്ഷപ്പെടുവാനോ വേണ്ടി കുട്ടികളുടെ കഴുത്തിലും വീടുകളിലും വാഹനങ്ങളിലും കടകളിലുമെല്ലാം കെട്ടിത്തൂക്കുന്ന സമ്പ്രദായങ്ങളും, ഉപദ്രവങ്ങൾ ഏൽക്കാതിരി ക്കാൻ ചില പ്രത്യേക തരം കല്ലുകൾവെച്ചുള്ള മോതിരം അണിയലുമെല്ലാം മതത്തിൽ അനുവദിക്കപ്പെട്ടതല്ല. എന്നുമാത്രമല്ല, അവയെല്ലാം ഹറാമാണ്. നബി ﷺ പറയുന്നു:

مَنْ عَلَّقَ تَميمَةً فَقَدْ أَشْرَكَ (أحمد في السلسلة ٤٩٢)

“വല്ലവനും ഉറുക്ക് കെട്ടിയാൽ അവൻ ശിർക്ക് ചെയ്തവനായിക്കഴിഞ്ഞു’’ (അഹ്മദ്). അത്തരം പ്രവർത്തനങ്ങളിലേർപ്പെടുന്ന വ്യക്തി തനിക്ക് ഗുണം ലഭിക്കുമെന്നോ, ഉപദ്രവം നീങ്ങിക്കിട്ടുമെന്നോ വിശ്വസിക്കുന്നുവെങ്കിൽ അവൻ വലിയ ശിർക്ക് ചെയ്ത മുശ്രിക്കായിക്കഴിഞ്ഞു. ഇനി മേൽ പറയപ്പെട്ടവ പ്രവർത്തിക്കുന്നത് തനിക്ക് ഗുണം ലഭിക്കുവാനും ഉപദ്രവം നീങ്ങുവാനും കാരണമായേക്കും എന്നാണ് വിശ്വസിക്കുന്നതെങ്കിൽ അവൻ ചെറിയ ശിർക്കു പ്രവർത്തിച്ചവനായി. അത് വലിയ ശിർക്കിലേക്കവനെ എത്തിച്ചേക്കുന്നതാണ്. കാരണം അത്തരം കാര്യങ്ങൾ ഗുണം നൽകുവാനോ ഉപദ്രവം നീക്കുവാനോ കാരണമായി അല്ലാഹു നിശ്ചയിച്ചിട്ടില്ല എന്നതു തന്നെ.

**സത്യം ചെയ്യൽ**

അല്ലാഹു അവൻെറ സൃഷ്ടികളിൽ നിന്നും അവനുദ്ദേശിക്കുന്നവയുടെ പേരിൽ സത്യം ചെയ്യും എന്നാൽ സൃഷ്ടികൾക്ക് അല്ലാഹു വിൻെറ പേരിലല്ലാതെ സത്യം ചെയ്യാവതല്ല.

സത്യം ചെയ്യൽ ഒരുനിലക്കുള്ള ബഹുമാനമാണ് അതാകട്ടെ അല്ലാഹുവിനു മാത്രം അവകാശപ്പെട്ടതുമാണ്. നബിﷺ പറയുന്നു:

مَنْ حَلَفَ بِالأَمَانَةِ فَلَيْسَ مِناَّ (أبوداود )

“ആരെങ്കിലും അമാനത്ത് കൊണ്ട് (അല്ലാഹുവിനെക്കൊണ്ടല്ലാതെ, അല്ലാഹു മററുള്ളവർക്ക് നൽകിയവ കൊണ്ട്) സത്യം ചെയ്താൽ അവൻ നമ്മിൽ (മുസ്ലിംകളിൽ) പെട്ടവനല്ല.’’ (അബൂദാവൂദ്).

അത്കൊണ്ടു തന്നെ, കഅബയെ പിടിച്ചോ അതല്ലെങ്കിൽ മററാരുടെയെങ്കിലും ബർക്കത്തോ, ഔന്നത്യമോ, അല്ലങ്കിൽ ഏതെങ്കിലും വലിയ്യിനേയോ, നബിയേയോ, മാതാപിതാക്കളേയോ മക്കളേയോ പിടിച്ചു സത്യം ചെയ്യുക എന്നത് അനുവദനീയമല്ല, അവയെല്ലാം ഹറാമാണ്. അങ്ങിനെ ചെയ്യുന്നവൻ മുശ്രികുമാണ്.

ആരെങ്കിലും അല്ലാഹുവിനെക്കൊണ്ടല്ലാതെ സത്യം ചെയ്തിട്ടുണ്ടെങ്കിൽ അതിനുള്ള പ്രായശ്ചിത്തം അവൻ വീണ്ടും ശഹാദത്തുകലിമ ചൊല്ലി തിരിച്ചുവരിക എന്നുള്ളതാണ്. താഴെ പറയുന്ന നബിവചനത്തിൽ നിന്നും ഇക്കാര്യം ഗ്രഹിക്കാവുന്നതാണ്.

مَنْ حَلَفَ فَقاَلَ فِي حَلَفِهِ بِاللاتَ وَالعُزَّى فَلْيَقُلْ لاَ إِلهَ إِلاَّ الله (البخاري).

“ആരെങ്കിലും ലാത്തയേയോ ഉസ്സയേയോ പിടിച്ചു സത്യം

ചെയ്താൽ അവൻ ലാഇലാഹ ഇല്ലല്ലാഹു എന്നുപറയട്ടെ'' (ബുഖാരി). ഇപ്രകാരം ശിർക്കിൽപെട്ട കാര്യംതന്നെയാണ് ചിലയാളുകൾ പറഞ്ഞുവരാറുള്ള താഴെ പറയുന്ന ചില വാക്കുകളും: അല്ലാഹുവിനോടും താങ്കളോടും ഞാൻ ശരണം തേടുന്നു, അല്ലാഹുവിലും താങ്കളിലും ഞാൻ ഭരമേൽപ്പിക്കുന്നു. അല്ലാഹുവും താങ്കളുമല്ലാതെ എനിക്കാരുമില്ല. തുടങ്ങിയ വാക്കുകൾ. എന്നാൽ മേൽ പറയപ്പെട്ടവയിൽ ശരിയായ രീതി അല്ലാഹുവിലും പിന്നെ നിങ്ങളിലും എന്നുള്ള രീതിയാണ് കഴിവതും അത്തരം വാക്കുകൾ ഉപേക്ഷിക്കലാണ് നല്ലത്.

അതുപോലെത്തന്നെ ചിലയാളുകൾ, നശിച്ച കാലം ലക്ഷണം കെട്ട നേരം എന്നിങ്ങനെ അനങ്ങിയാൽ കാലത്തെ ദുഷിച്ചു പറയുന്നതും ശരിയല്ല. അത് അല്ലാഹുവിലേക്കാണ് ചെന്നെത്തുക. അല്ലാഹു പറയുന്നതായി നമുക്ക് ഇപ്രകാരം ഹദീസുകളിൽ കാണാവുന്നതാണ് ''നിങ്ങൾ കാലത്തെ ചീത്ത പറയരുത് (അല്ലാഹു വാകുന്ന) ഞാനാകുന്നു കാലം.'' (ബുഖാരി).

**അല്ലാഹുവിന്നല്ലാതെയുള്ള നേർച്ച**

മതത്തിൽ നിർബന്ധമല്ലാത്ത ഒരുകാര്യം നിർബന്ധമായും താൻ പ്രവർത്തിക്കുമെന്ന് ബുദ്ധിയും വിവേകവുമുള്ള ഒരു മുസ്ലിം സ്വയം പ്രഖ്യാപിക്കുന്നതിന്നാണ് മതത്തിൽ നേർച്ച എന്നു പറയുക.

നേർച്ചയും ഇബാദത്താണ് അതുകൊണ്ട് അതും അല്ലാഹുവിനു മാത്രം അവകാശപ്പെട്ടതാണ്. അത് മററുവല്ലരുടേയും പ്രീതിക്കായി നിർവ്വഹിച്ചാൽ അതവർക്കുള്ള ഇബാദത്തും അല്ലാഹുവിൽ പങ്ക്ചേർക്കലുമായിരിക്കും അതുകൊണ്ട് എന്തെങ്കിലും കാര്യം നേർച്ചയാക്കുകയാണ് എങ്കിൽ അല്ലാഹുവിന്ന് വേണ്ടിമാത്രം നേർച്ചയാക്കുക, നേർച്ചയാക്കുന്നവ മതത്തിൽ അറിയപ്പെട്ട പുണ്യകർമ്മമോ (സുന്നത്ത്) അതല്ലങ്കിൽ ഫർദ്കിഫായിൽ (സാമൂഹ്യ ബാധ്യത)യിൽപെട്ട കാര്യമോ ആയിരിക്കണം. അങ്ങിനെ നേർച്ചയാക്കിയാൽ പൂർത്തിയാക്കൽ നിർബന്ധമാണ്. എന്നാൽ ഒരാൾ അറിവില്ലാതെ അല്ലാഹുവിന് ഇഷ്ടമില്ലാത്ത വല്ലകാര്യവും നേർച്ചയാക്കിയാൽ അതവൻ വീട്ടേണ്ടതില്ല; എന്നുമാത്രമല്ല പകരമൊന്നും ചെയ്യേണ്ടതുമില്ല.

നേർച്ചനേരുമ്പോൾ എന്തെങ്കിലും നിബന്ധനകൾ (ശർത്വുകൾ) വെച്ചുകൊണ്ട് നേർച്ചനേരുക എന്നുള്ളതും മാതൃകയില്ലാത്തതാണ്. ഉദാ: എൻെറ നഷ്ടപ്പെട്ട വസ്തു തിരിച്ചുകിട്ടിയാൽ ഞാനിന്നത് പ്രവർത്തിച്ചുകൊള്ളാം, എന്നതു പോലുള്ള നേർച്ചയെ സംബന്ധിച്ച് നബിﷺ പറഞ്ഞത് അത് പിശുക്കൻെറ കയ്യിൽനിന്നും പണം പുറത്തെടുക്കാൻ മാത്രമേ ഉപകാരപ്പെ ടുകയുള്ളൂ. (ബുഖാരി)

ഇന്ന് പാമരജനങ്ങൾ മഖ്ബറകളിലേക്കും മററും എണ്ണ

യും തിരിയും പട്ടുമെല്ലാം നേർച്ചയാക്കുന്നത് ശിർക്കുതന്നെയാണ്. കാരണം അത്തരം കാര്യങ്ങൾ (സുന്നത്തോ ഫർദു കിഫയോ അല്ലാത്തവ) അല്ലാഹുവിലേക്ക് തന്നെ നേർച്ചയാക്കൽ സാധുവല്ല; എങ്കിൽ പിന്നെ അല്ലാഹുവിലേക്കല്ലാതെയായാലോ !? അതുപോലെ അല്ലാഹു അല്ലാത്തവരുടെ പ്രീതിക്കായി ആട് കോഴി മുതലായവയെ നേർച്ചയാക്കുകയും മററും ചെയ്തു വരുന്നതും ശിർക്ക് തന്നെയാണ്.

**നക്ഷത്രങ്ങളിലും ഞാറ്റുവേലകളിലും വിശ്വസിക്കൽ**

ഇന്ന് പലയാളുകളും ചില പത്രമാസികകളിൽ കാണുന്ന പരസ്യങ്ങളിൽ വഞ്ചിതരായി തങ്ങളുടെ ഭാഗ്യ നിർഭാഗ്യങ്ങൾ അറിയുന്നതിനായി നക്ഷത്രഫലങ്ങളേയും വാരഫലങ്ങളേയും ആ ശ്രയിച്ചുവരുന്നു എന്നതും മനുഷ്യനെ ശിർക്കിലേക്കാണ് കൊണ്ടുചെന്നാക്കുന്നത്. നക്ഷത്രങ്ങളും ഞാററുവേലകളും മനുഷ്യൻേറയും, പ്രകൃതിയുടെയും കാര്യത്തിൽ തന്നെയും സ്വാധീനം ചെലുത്തുന്നുണ്ട് എന്ന വിശ്വാസവും അവകളിൽ സമാധാനം കണ്ടെത്തലും ശിർക്കു തന്നെയാണ്. “ഒരിക്കൽ നബിﷺ പറഞ്ഞു, അല്ലാഹു പറയുന്നു: വല്ലവരും തങ്ങൾക്ക് മഴലഭിച്ചാൽ ഞങ്ങൾക്ക് ഇന്ന ഞാററുവേല കൊണ്ട് മഴ ലഭിച്ചു എന്ന് പറഞ്ഞാൽ അവൻ എന്നിൽ അവിശ്വസിക്കുകയും നക്ഷത്രങ്ങളിൽ വിശ്വസിക്കുകയും ചെയ്തു. എന്നാൽ, ഞങ്ങൾക്ക് അല്ലാഹുവിൻെറ റഹ്മത്തിനാൽ മഴ ലഭിച്ചു എന്നാണ് പറഞ്ഞതെങ്കിൽ അവൻ എന്നിൽ വിശ്വസിക്കുകയും നക്ഷത്രത്തിൽ അവിശ്വസിക്കുകയും ചെയ്തു’’ (ബുഖാരി,മുസ്ലിം).

**അതുകൊണ്ട് മേൽപറയപ്പെട്ട കാര്യങ്ങൾ ഗൗരവമായി കാണുകയും അത്തരം പ്രവർത്തനങ്ങളിൽപെട്ടുപോയവർ അവകയ്യൊഴിയുകയും പശ്ചാത്തപിക്കുകയും ചെയ്യണമെന്ന് അറിയിക്കുന്നു. അല്ലാഹു അനുഗ്രഹിക്കട്ടെ (ആമീൻ)**


**NICHE OF TRUTH**

P.B. No: 832, Poothole, Thrissur-4
Kerala, India. Tel: +91 9746547777
E-mail: dawa@nicheoftruth.org


**കൂടുതൽ പഠിക്കാൻ**